DESPATCHED
On...29/06/2020
28-2-20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP.823*(2)/2017*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.*4073 എസ്.ഐ.സി-ജി 6/17*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.സി.രാധാകൃഷ്ണകുറുപ്പ്,<br>ചിറക്കരത്ത്, അയിക്കുന്നം, ശാസ്താംകോട്ട പി.ഒ,<br>കൊല്ലം – 690 521. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>പൊതുഭരണ (സ്പെഷ്യൽ -എ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി,<br>പൊതുഭരണ (സ്പെഷ്യൽ -എ) വകുപ്പ്,<br>ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05.12.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.01.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.01.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.02.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 27.03.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 27.03.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

RIGHT TO INFORMATION

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ സി.രാധാകൃഷ്ണകുറുപ്പ്, 27.03.2017 ൽ സമർപ്പിച്ച അപ്പീൽ ഹർജി 27.03.2017 ൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 6(1) അപേക്ഷയ്ക്കും അപ്പീലിനും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 05.12.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽ നിന്നും 2015 വർഷത്തിൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള പ്രപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള ചുരുക്കപ്പട്ടിക തയ്യാറാക്കാനായി 15.11.2016 ന് നടത്തിയ അഭിമുഖവുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു.

4. രണ്ടാം എതിർകക്ഷി 02.05.2017 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് സെലക്ഷൻ നടപടികൾ പൂർത്തിയായിട്ടില്ലാതിരുന്നതിനാലും ഇതു സംബന്ധിച്ച പ്രപ്പോസൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലായിരുന്നതിനാലും വിവരം നൽകാൻ നിർവ്വാഹമില്ലായെന്ന വിവരം ടിയാനെ അറിയിച്ചിരുന്നു. ടി മറുപടിയിൽ തൃപ്തനാകാതെയാണ് 20.01.2017 ൽ അപ്പീൽ സമർപ്പിച്ചത്. ടി അപ്പീൽ പരിശോധിക്കുകയും, സെലക്ഷൻ നടപടികൾ പൂർത്തിയാവുകയും 02.02.2017 ലെ നോട്ടിഫിക്കേഷൻ പ്രകാരം ഒരാൾക്ക് നിയമനം ലഭിക്കുകയും ചെയ്ത സാഹചര്യത്തിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടിയാന് നൽകുവാൻ തീരുമാനിക്കുകയും അപ്രകാരം 13.02.2017 ൽ അപ്പീൽ തീർപ്പാക്കി 14.02.2017 ൽ കത്ത് മുഖേന ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു. 14.02.2017 ൽ ടി കത്ത് അയച്ചതിന്റെ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. ഐ.എ.എസ് സെലക്ഷനുമായി ബന്ധപ്പെട്ട പ്രപ്പോസൽ യൂണിയൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലായിരുന്നതിനാലും സെലക്ഷൻ നടപടികളിൽ രഹസ്യ സ്വഭാവം നിലനിർത്തേണ്ടതുണ്ടായിരുന്നതിനാലുമാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ആവശ്യപ്പെട്ട വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് നൽകാൻ കഴിയാതിരുന്നതെന്നും പിന്നീട് അപ്പീൽ അപേക്ഷ ലഭിച്ച സമയത്ത് സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിരുന്നതിനാൽ ലഭ്യമായ എല്ലാ വിവരങ്ങളും അയച്ചുകൊടുത്തു എന്നും മറ്റുമാണ്.

5. 29.01.2020 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷികൾ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ കാണുന്നു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN

RIGHT TO INFORMATION